പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2317

08/07/2015 –ൽ
മറുപടിയ്ക്കു്

**ശബരിമലയുടെ മാസ്റ്റർ പ്ലാൻ**

ചോദ്യം
ശ്രീ. പി.സി. ജോർജ്ജ്

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ശബരിമലയുടെ പുതിയ മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പ്ലാൻ പ്രകാരം എത്ര കോടി രൂപയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | എ) & ബി) ശബരിമല വികസനത്തിനായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ബഹു. സുപ്രീംകോടതിയുടെ അംഗീകാരത്തോടെ 2050 വരെയുള്ള പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് 2007 –ൽ ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആയതു പ്രകാരം 39 കോടി രൂപ ചെലവഴിച്ച് ശബരി പീഠം മുതൽ മരക്കൂട്ടം വരെയുള്ള ക്യൂകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിന്റെ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിന്റെ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം, കടുവാത്തോടിലെ ചെക്ക് ഡാമിന്റെ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇന്റർലോക്ക് വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ പാലം, നിലയ്ക്കലിലെ കുഴൽകിണർ നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>35 കോടി രൂപ ചെലവഴിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ഇതിന്റെ ഭാഗമായി എരുമേലിയിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) നിലവിലെ ശബരിമല മാസ്റ്റർ പ്ലാനിൽ എരുമേലിയിലെ വികസനം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ സീസണിലും സർക്കാർ ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ശബരിമല മാസ്റ്റർ പ്ലാനിൻ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

1) Construction of Roads & Drains at Nilakkal including earth work excavation and filling.
2) Construction of parking area 'D', Retaining Wall & Drains at Nilakkal
3) Construction of parking area 'C' & KSRTC Parking Land at Nilakkal
4) Construction of 5 MLD Sewage Treatment Plant at Sannidhanam Sabarimala (including Operation & Maintenance)
5) Construction of Latrine complex at Pamba, Manalpuram Unit I
6) Construction of Latrine complex at Pamba, Manalpuram Unit II
7) Construction of Toilet Block at Sabarimala
8) Construction of queue complex from Marakkoottam to Saramkuthy from chainage 20m at Sabarimala
9) Construction of queue complex from Marakkoottam to Saramkuthy from chainage 80m at Sabarimala
10) Construction of queue complex from Marakkoottam to Saramkuthy from chainage 190 m at Sabarimala
11) Construction of queue complex from Marakkoottam to Saramkuthy from chainage 250m at Sabarimala
12) Construction of queue complex from Marakkoottam to Saramkuthy from chainage 310m at Sabarimala
13) Construction of queue complex from Marakkoottam to Saramkuthy from chainage 370m at Sabarimala
14) Construction of queue complex from Marakkoottam to Saramkuthy from chainage 430m at Sabarimala
15) SMP - Sabarimala - Construction of Ground Level RCC Water Tank - Unit V
16) SMP - Sabarimala - Construction of Ground Level RCC Water Tank - Unit VI
17) SMP - Pamba - Construction of Restaurant Block
18) SMP - Sabarimala-Pamba - Construction of Godown
19) SMP - Pamba - Construction of Toilet Block at Pamba Manalpuram - Unit III
20) SMP - Nilakkal - Construction of Bus Terminal and Improvements to the Parking ground
21) SMP - Nilakkal - Resurfacing of Existing Internal Roads and Providing Walkways
22) SMP - Nilakkal - Providing Street Lighting along Existing internal Roads.
23) SMP - Nilakkal - Resurfacing of Entry and Exit Roads.

(signature)

സെക്ഷൻ ഓഫീസർ